# മണപ്പുറത്തെ മരണാനന്തര സഹായ സംഘങ്ങൾ

പ്രിയ കൃഷ്ണകുമാർ

തൃശ്ശൂർ ജില്ലയിലെ തീരപ്രദേശ ഗ്രാമങ്ങളിൽ രൂപംകൊണ്ടുവരുന്ന മരണാനന്തര സഹായസംഘങ്ങൾ പരിചയപ്പെടുത്താവുന്ന ഒന്നാണെന്നു തോന്നുന്നു.

ഓരോ കുടുംബവും അണു കുടുംബമാവുകയും ബന്ധുമിത്രാദികൾ വിവിധയിടങ്ങളിലായി ചിന്നിച്ചിതറി കിടക്കുകയും ചെയ്യുന്ന ഇന്നത്തെ ലോകത്ത് ഒരു കുടുംബത്തിലെ ഒരു വ്യക്തിയുടെ മരണം അയൽപക്കങ്ങളുടെ സഹായം ആവശ്യമാക്കി തീർക്കുന്ന ഒരു മുഹൂർത്തമാണ്.

കേരളത്തിലെല്ലായിടത്തും ഓരോ വ്യത്യസ്ത സമുദായങ്ങൾ തങ്ങളുടെ സമുദായാംഗങ്ങൾക്ക മാത്രമായി മരണാനന്തരം ചില ചുമതലകൾ ഏറ്റെടുത്തു നടത്തുന്ന പതിവുണ്ട്. പക്ഷേ, കൈപ്പമംഗലം, പെരിഞ്ഞനം, വലപ്പാട്... എന്നിങ്ങനെ തൃശ്ശൂർ ജില്ലയിലെ തീരദേശത്തെ ജനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മരണാനന്തര സഹായ സംഘങ്ങൾക്ക് കുറെ പുതുമകളും വ്യത്യസ്തതകളുമുണ്ട്.

തൊട്ടടുത്തടുത്തായി സ്ഥിതിചെയ്യുന്ന നൂറ് വീടുകളായിരിക്കും സാധാരണ ഒരു സംഘത്തിലുണ്ടാവുക. എല്ലാ ജാതി മതങ്ങളിലുംപെട്ടവർ അംഗങ്ങളാകുന്നു എന്നതാണ് ഇതിന്റെ പ്രധാന സവിശേഷത. മരണാനന്തര ചടങ്ങുകളിൽനിന്ന് ജാതീയത പതുക്കെ പിന്മാറുകയും അയൽപക്ക സൗഹൃദം മുൻകൈ നേടുകയും ചെയ്യുന്നത് അഭിനന്ദനാർഹമാണല്ലോ.

നൂറ് വീടുകാരും ആദ്യതവണ 100 രൂപ വീതം ഷെയർ എടുക്കുന്നു. അങ്ങനെ ഉണ്ടാകുന്ന 10,000 രൂപ കൊണ്ട് സംഘത്തിനാവശ്യമായ സാധന സാമഗ്രികൾ സ്വരുക്കൂട്ടുന്നു. കണക്കുപുസ്തകം, രസീത് പുസ്തകം, ഹാജർ പുസ്തകം, മിനിറ്റ്സ് ബുക്ക്, മരണം അറിയിക്കുന്ന കത്തുകൾ എന്നിവയും എളുപ്പത്തിൽ കെട്ടിയുയർത്താവുന്ന ഒരു പന്തലുമാണ് സംഘം ഒന്നാമതായി സംഘടിപ്പിക്കുക.

ശവം ദഹിപ്പിക്കുന്ന സ്ഥലത്തിനു മുകളിൽ മഴയും വെയിലും ഏൽക്കാതിരിക്കാൻ ഇടുന്ന ഈ പന്തൽ നാലു പൊള്ളയായ ലോഹത്തൂണുകൾ, അവ തമ്മിൽ സ്ക്രൂവിട്ട് മുറുക്കി ബന്ധിപ്പിക്കാവുന്ന തരത്തിലുള്ള ലോഹബാറുകൾ, വിരിക്കാനുള്ള ഷീറ്റുകൾ എന്നീ ഭാഗങ്ങൾ ചേർന്ന സംവിധാനമാണ്.

ഒരു ഗൃഹത്തിലെ മരണം തൊട്ടയൽപക്കക്കാർ വഴി മരണാനന്തര സഹായസംഘത്തിന്റെ മുഖ്യ പ്രവർത്തകർ അറിയുന്നു. അതോടെ മേൽപറഞ്ഞ എല്ലാ സാമഗ്രികളുമായി അപ്പോൾ സ്ഥലത്തുള്ളവരെല്ലാം മരണവീട്ടിലെത്തുന്നു. ഒരു കൂട്ടർ ദഹിപ്പിക്കുന്ന സ്ഥലത്തെ പന്തലിടുന്നു. മറ്റൊരു കൂട്ടർ സംഘത്തിലെ മറ്റെല്ലാ വീടുകളിലേക്കും ഈ മരണം സംബന്ധിച്ച രേഖാമൂലമുള്ള അറിയിപ്പ് തയാറാക്കി എത്തിക്കുന്നു. മറ്റൊരു കൂട്ടർ മരണാനന്തര ക്രിയകളുമായി ബന്ധപ്പെട്ട് വ്യത്യസ്ത ജാതിക്കാർക്ക് ആവശ്യമായി വരുന്ന സാധന സാമഗ്രികൾ കൊണ്ടുവരുന്നു. ഇതിനിടയിൽ വേറൊരു സംഘം ശവം സ്ഫുടം ചെയ്യാനുള്ള ചെളിമണ്ണ്, വൈക്കോൽ, ചിരട്ട, ചകിരി എന്നിവയുമായി എത്തിയിരിക്കും.

മഴക്കാലത്ത് കൈക്കോട്ടുകൊണ്ട് ഒന്നു താഴ്ത്തിയാൽ ആ കുഴിയിൽ വരെ വെള്ളം കിനിയുന്ന ഈ മേഖലയിൽ സാധാരണ രീതിയിലുള്ള ശവദഹനം എളുപ്പമല്ല. അതുകൊണ്ട് ഈ പ്രദേശമാകെ ശവം സ്ഫുടം ചെയ്യുന്ന രീതി സ്വീകരിച്ചുകഴിഞ്ഞു.

മുസ്ലീം, ക്രിസ്ത്യൻ തുടങ്ങിയ വിഭാഗങ്ങൾക്ക മൃതദേഹത്തെ അവരവരുടെ മറവിടങ്ങളിലേക്ക കൊണ്ടുപോകാം. അതുവരെയുള്ള കാര്യങ്ങൾ സംഘം ചെയ്യുന്നു. ഹിന്ദുക്കളിലെ എല്ലാ ജാതി സമുദായങ്ങളും ശവം സ്ഫുടം ചെയ്യുന്നു. നായരുടെ ശവം പട്ടടയിൽ കൊണ്ടുവച്ചാലും അന്യജാതിക്കാർ തൊടാതിരിക്കുന്ന സാവർണ്യമൊന്നും സംഘം പ്രവർത്തിക്കുന്ന ഇടങ്ങളിലില്ല. ഏതു ജാതിക്കാരന്റെ മൃതദേഹമായാലും ശരി എല്ലാ ജാതിക്കാരായ സംഘങ്ങളും ചേർന്നു സ്ഫുടത്തിനു തയാറാക്കി കത്തിക്കുന്നു.

മേൽപറഞ്ഞ സേവനങ്ങളെല്ലാം സൗജന്യമാണ്. അതോടൊപ്പം മരണവീട്ടിലേക്ക് ആയിരം രൂപ സഹായധനവും സംഘം നല്കുന്നു.

ആദ്യതവണ നല്കുന്ന 100 രൂപ ഷെയർ കൂടാതെ തുടർന്ന് ഓരോ മാസവും 10 രൂപ വരിസംഖ്യയും ഓരോ കുടുംബവും നല്കണം. മറ്റു ചെലവുകളൊന്നുമില്ല. ഓരോ സ്ഥലത്തും ഇത്തരം സംഘങ്ങളുടെ ഇടപെടലിന്റെ സുഗമതയും വിജയവും കണ്ട് മറ്റിടങ്ങളിലും ഇത്തരം സംഘങ്ങൾ രൂപംകൊണ്ടുവരികയാണ്.